**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5227** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കഴിഞ്ഞ ഒരു വർഷമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കേരള കാർഷികസർവകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാൻ വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതുവരെ ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെക്കാൻ 05/01/2024 തീയതിയിൽ സർവ്വകലാശാല ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. വർക്ക് സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ട് നിലവിൽ സർവ്വകലാശാല ഭരണസമിതിയുടെ പരിശോധനയിലാണ്. |
| (ബി) | കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയെന്ന കാരണം കൊണ്ട് കാർഷിക സർവകലാശാലയിലെ അനധ്യാപക തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടയെന്ന തീരുമാനം സർവ്വകലാശാല ഭരണസമിതി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള വ്യക്തമായ മാനദണ്ഡങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | കേരള കാർഷികസർവകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാൻ വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതുവരെ ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെക്കാൻ 05/01/2024 തീയതിയിൽ സർവ്വകലാശാല ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. വർക്ക് സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ട് നിലവിൽ സർവ്വകലാശാല ഭരണസമിതിയുടെ പരിശോധനയിലാണ്. |
| (സി) | അനധ്യാപക ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ, നിരീക്ഷണങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ട | (സി) | അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് നിലവിൽ സർവ്വകലാശാല ഭരണസമിതിയുടെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| | കമ്മിറ്റിയുടെ കാലാവധി എന്നാണെന്നും വിശദമാക്കാമോ; | | |
| (ഡി) | കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്താതിരിക്കാൻ സർക്കാർ തലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാൻ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ നടപടികൾ പൂർത്തിയാക്കുന്നതുവരെ ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെക്കാൻ 05/01/2024 തീയതിയിൽ സർവ്വകലാശാല ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിരുന്നു. വർക്ക് സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ട് നിലവിൽ സർവ്വകലാശാല ഭരണസമിതിയുടെ പരിശോധനയിലാണ്. |
| (ഇ) | കാർഷിക സർവകലാശാല ഭരണ സമിതി ഒരു മാസത്തിനുള്ളിൽ പുനസംഘടിപ്പിക്കണമെന്ന കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിനായി യൂണിവേഴ്സിറ്റി നടത്തിയ ഭരണ സംബന്ധമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | 30.08.2024 തീയതിയിലെ WP(C) No. 27149/2024 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം സർവകലാശാല ഭരണസമിതി പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ കോടതി വിധിയുടെ തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുകയും, ഇക്കാര്യത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് പ്രക്രിയ കർശനമായി പൂർത്തിയാക്കുകയും വേണം എന്നാണ് ബഹു: കോടതി നിർദേശിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം ഇലക്ടറൽ റോൾ 30 ദിവസത്തിന് മുൻപ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം 28.09.2024 ന് പുറത്തിറക്കിയിട്ടുണ്ട്. തുടർന്ന്, 30.10.2024 തീയതിയിലെ വിജ്ഞാപനം പ്രകാരം ഇലക്ടറൽ റോൾ പ്രസിദ്ധീകരിക്കുകയും, 02.12.2024 തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുകയും 04.01.2025 ന് തെരഞ്ഞെടുപ്പ് നടത്തുകയും അന്ന് തന്നെ ഫലം പ്രഖ്യാപിക്കുകയും, 07.01.2025 ന് തെരഞ്ഞെടുപ്പ് ഫലം വിജ്ഞാപനം ചെയുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ